# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

### ഹാജർ - വിഷ്ണുകുമാർ ജി

**(ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല)**

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - RGSA പദ്ധതി - 2018-19 - അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള മാർഗ്ഗരേഖ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: - 1) RGSA - 2018-19 - ലെ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് 05.01.2018 - ന് രാവിലെ 11.00 മണിയ്ക്ക് പഞ്ചായത്ത് ഡയറക്ടറുടെ ചേമ്പറിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ് [(ഫയൽ നം. PAN/27097//2018/J4 (DP)]

2) സ.ഉ (പി) നം. 271/2007/തസ്വഭവ, തീയതി. 27.11.2007

**ഉത്തരവ് നം. ഇ 3 - 1634/2017/സിഇ/തസ്വഭവ, തീയതി. 25.01.2019**

രാഷ്ട്രീയ ഗ്രാമസ്വരാജ് അഭയാൻ (RGSA) 2018-19 പദ്ധതികളുടെ നിർവ്വഹണത്തിനായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 55 ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലായി തെരഞ്ഞെടുക്കപ്പെട്ട 99 ഗ്രാമപഞ്ചായത്തുകളിൽ പ്രതിമാസം 25000/- രൂപ വേതനത്തിൽ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കുന്നതിന് തീരുമാനമായിരിക്കുന്നു. ഇത്തരത്തിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട 99 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ജില്ല തിരിച്ചുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. പത്തനംതിട്ട | - | 13 |
| 2. ആലപ്പുഴ | - | 5 |
| 3. ഇടുക്കി | - | 10 |
| 4. തൃശ്ശൂർ | - | 9 |
| 5. മലപ്പുറം | - | 8 |
| 6. വയനാട് | - | 9 |
| 7. പാലക്കാട് | - | 10 |
| 8. കോഴിക്കോട് | - | 11 |
| 9. കണ്ണൂർ | - | 11 |
| 10. കാസറഗോഡ് | - | 13 |

മേൽ പരാമർശിക്കപ്പെട്ടിട്ടുള്ള 99 ഒഴിവുകളിലേയ്ക്ക് അതാത് ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരാമർശം (2) പ്രകാരമുള്ള സ്പെഷ്യൽ റൂൾ അടിസ്ഥാനമാക്കിയുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ വിവിധ പത്ര മാധ്യമങ്ങൾ മുഖേന വേണ്ടത്ര പരസ്യം ചെയ്ത്, നേരിൽ അഭിമുഖം (വാക്ക്-ഇൻ ഇൻർവ്യൂ) നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(മറുപുറം)

ടി ഒഴിവുകളിൽ അതാത് ജില്ലകളിലുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക മുൻഗണന നൽകേണ്ടതും, പ്രസ്തുത അഭിമുഖ പരീക്ഷയിൽ (വാക്ക്-ഇൻ ഇൻർവ്യൂ) അതാത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതും, 2019 ഫെബ്രുവരി 10 - ന് മുൻപായി നിയമന നടപടികൾ പൂർത്തിയാക്കി ഈ കാര്യാലയത്തെ സമയബന്ധിതമായി അറിയിക്കേണ്ടതുമാണ്.

**ചീഫ് എഞ്ചിനീയർ** (I/c)

<u>പകർപ്പ്:</u>

1. അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം മുഖേന)
2. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. പഞ്ചായത്ത് ഡയറക്ടറുടെ അറിവിലേയ്ക്ക്
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് കാര്യാലയം, പത്തനംതിട്ട / ആലപ്പുഴ / ഇടുക്കി തൃശ്ശൂർ / മലപ്പുറം / വയനാട് / പാലക്കാട് / കോഴിക്കോട് / കണ്ണൂർ / കാസറഗോഡ്
5. സ്റ്റോക്ക് ഫയൽ / സെക്ഷൻ

എസ്.എ/*